# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ എറണാകുളം ജില്ല

പ്രവചന കാലയളവ് 15.6.2022 മുതൽ 19.6.2022 വരെ

കേരള കാർഷിക സർവ്വകലാശാല
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കരയും
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ.എ.എസ് ബുള്ളറ്റിൻ നമ്പർ 24/2022,(47) ചൊവ്വാഴ്ച | തീയ്യതി: 14/6/2022 |
|---|---|

## 1. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 15.6.2022 | 16.6.2022 | 17.6.2022 | 18.6.2022 | 19.6.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 7 | 10 | 6 | 9 | 12 |
| ഉയർന്ന താപനില (°C) | 31 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 3 | 5 | 3 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 320 | 320 | 270 | 270 |
| മേഘവ്യാപ്തി (ഒക്ടസ്) | 5 | 8 | 8 | 8 | 8 |

| അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം | | | | |
|---|---|---|---|---|
| 2022 ജൂൺ 15 | 2022 ജൂൺ 16 | 2022 ജൂൺ 17 | 2022 ജൂൺ 18 | 2022 ജൂൺ 19 |
| നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

കാലാവസ്ഥാ അറിയിപ്പ്: ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## 2: വിള പരിപാലനത്തിനുള്ള കാർഷിക നിർദ്ദേശങ്ങൾ (RRS Vyttila)

3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

**പൊതുനിർദ്ദേശങ്ങൾ**: കാലവർഷം ആരംഭിച്ചതിനാൽ കാർഷിക വിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. താഴ്ന്ന പ്രദേശങ്ങളിൽ നീർവാർച്ചാ സൗകര്യങ്ങൾ ഉറപ്പു വരുത്തുക. മണ്ണ് പരിശോധ നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. **മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്തുക.**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | പരിപാലനം | ലവണാംശത്തിൻറെ സാന്ദ്രത നോക്കി വിതയ്ക്കാനുള്ള തയ്യാറെടുപ്പുകൾ നടത്താവുന്നതാണ്. |
| നെല്ല് (വിരിപ്പ്) | പരിപാലനം | നേരിട്ട് വിതക്കുന്ന പാടങ്ങളിൽ വിതക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ചെയ്യാവുന്നതാണ്. പറിച്ചു നടുന്ന പാടങ്ങളിൽ ഞാറ്റടി തയ്യാറാക്കാവുന്നതാണ്. |
| തെങ്ങ് | കൂമ്പു ചീയൽ | തെങ്ങിൻറ്റെ ആരോഗ്യം മെച്ചപ്പെടുത്തുവാൻ സംയോജിത വള പ്രയോഗം ചെയ്യുക. മണ്ട വൃത്തിയാക്കുക. ഒരു ശതമാനം ബോർഡോമിശ്രിതം തളിക്കുക. രോഗം ബാധിച്ച തെങ്ങുകളിൽ, സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) തെങ്ങിൻറെ കൂമ്പിനു ചുറ്റും ഉള്ള ഇളക്കവിളുകളിൽ വെയ്ക്കുക. |
| കുരുമുളക് | ധ്രുത വാട്ടം | രോഗം വരാതിരിക്കാൻ ഓരോ കുരുമുളക് ചെടിക്കും 2.5 കി.ഗ്രാം. വീതം ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം നൽകുക. |
| ജാതി | ഇലപൊഴിച്ചിൽ | മുൻകരുതലായി ഒരു ശതമാനം ബോർമിശ്രിതം തളിക്കാം. |
| മത്സ്യകൃഷി | മത്സ്യ കൃഷിക്കുവേണ്ടി കുളങ്ങൾ തയ്യാറാക്കേണ്ട സമയമാണിത്. കുളങ്ങൾ വറ്റിച്ച് കുമ്മായമിടാവുന്നതാണ്. വറ്റിക്കാൻ പ്രയാസമുള്ള കുളങ്ങളിൽ തേയില പിണ്ണാക്കും മഹുവ പിണ്ണാക്കും ഉപയോഗിച്ച് കള മത്സ്യങ്ങളെ നീക്കം ചെയ്യേണ്ടതാണ്. | |